| **1.3 പാഠാസൂത്രണം/പാഠാസൂത്രണ വിശകലനം**<br>– പഠനനേട്ടങ്ങൾ<br>– ആശയം/ആശയങ്ങൾ<br>– പ്രക്രിയ<br>– വിലയിരുത്തൽ | • TEയുടെ നേതൃത്തിൽ നടന്ന യൂണിറ്റ് ആസൂത്രണത്തിന്ശേഷം വ്യക്തിഗതമായി /ഗ്രൂപ്പിൽ രണ്ട് യൂണിറ്റ് ആസൂത്രണം ചെയ്ത് ധാരണ മെച്ചപ്പെടുത്തുന്നു.<br>• യൂണിറ്റ് ആസൂത്രണത്തിൽ നിന്നുമാണ് പാഠാസൂത്രണത്തിലേക്ക് (TM) പോവേണ്ടത്. എന്ന പ്രസ്താവന ഗ്രൂപ്പിൽ ചർച്ച ചെയ്ത് പാഠാസൂത്രണത്തിന് മുമ്പ് നടക്കേണ്ട പ്രവർത്തനങ്ങൾ ഓരോ ട്രയിനിയും തിരിച്ചറിയുന്നു.<br>• യൂണിറ്റ് ആസൂത്രണത്തിന്ശേഷം ഗ്രൂപ്പിൽ/വ്യക്തിഗതം രണ്ട് പാഠാസൂത്രണം നിർദ്ദേശിക്കപ്പെട്ട ഘടനയിൽ തയ്യാറാക്കുന്നു. (ചരിത്രം ഭൂമിശാസ്ത്രം, സമൂഹശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, രാഷ്ട്രതന്ത്രം എന്നിവയുടെ പാഠാസൂത്രണവും ചെയ്തിട്ടുണ്ട് എന്ന് ഉറപ്പാക്കണം. ഗ്രൂപ്പുകൾക്ക് വിഷയങ്ങൾ മാറിമാറി കൊടുത്ത് തയ്യാറാക്കി അവതരിപ്പിച്ചാൽ മതിയാകും.)<br>• തയ്യാറാക്കിയ പാഠാസൂത്രണം താഴെ കൊടുത്തിട്ടുള്ള സൂചകങ്ങൾവച്ച് പരിശോധിച്ച് ധാരണപ്പെടുത്തുന്നു.<br>**സൂചകങ്ങൾ**<br>• പാഠഭാഗത്തെ പഠനനേട്ടങ്ങൾ എന്തൊക്കെയാണ്?<br>• തയ്യാറാക്കിയ പ്രവർത്തനങ്ങൾ പഠനനേട്ടങ്ങൾ കൈവരിക്കുന്നതിന് യോജിച്ചതാണോ?<br>• പ്രവർത്തനങ്ങളുടെ അനുയോജ്യത, പ്രയോഗികത എത്ര മാത്രം?<br>• പഠനപ്രവർത്തനത്തിന് നിർദ്ദേശിച്ച പഠനാപകരണങ്ങളുടെ ഫലപ്രാപ്തി എത്രമാത്രം?<br>• വിലയിരുത്തൽ രീതിയുടെ പ്രായോഗികത, പഠനനേട്ടങ്ങൾ അളക്കുവാൻ സാഹയകരമാണോ? | • യൂണിറ്റ് ആസൂത്രണം (വ്യക്തിഗതം/ഗ്രൂപ്പ്)<br>• പാഠാസൂത്രണരേഖ |

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| **1.4 പാഠാസൂത്രണത്തിലെ പ്രതികരണപേജ്**<br>– എന്താണ് എഴുതേണ്ടത്?<br>– എപ്പോഴാണ് എഴുതേണ്ടത്?<br>– എന്തിനാണ് എഴുതേണ്ടത്? | • ടീച്ചർ എഡ്യൂക്കേറ്ററുടെ വിശകലന ക്ലാസിനുശേഷം ടി.എം.ൽ രേഖപ്പെടുത്തിയിട്ടുള്ള പ്രതികരണ കുറിപ്പുകൾ ഗ്രൂപ്പിൽ നൽകി വിശകലനം ചെയ്ത് പ്രതികരണ പേജ് എന്ത്, എപ്പോൾ, എങ്ങനെ എഴുതണം എന്ന ധാരണ മെച്ചപ്പെടുത്തുന്നു.<br>• ഓരോ ടീച്ചർ ട്രയിനിയും എടുത്ത വിശകലന ക്ലാസിന്റെ പ്രതികരണ പേജിലെ വിവരങ്ങൾ ഗ്രൂപ്പുകളിൽ ചർച്ചചെയ്ത് നിഗമനങ്ങൾ രൂപപ്പെടുത്തുന്നു. | • പാഠാസൂത്രണം / വിശകലനം ചെയ്ത കുറിപ്പ്<br>• പ്രതികരണ പേജ് എഴുതുന്നതിന്റെ പ്രസക്തി (അസൈൻമെന്റ്)<br>• വിശകലന ക്ലാസിന്റെ പാഠാസൂത്രണം – പ്രതികരണം ഉൾപ്പെടെ രേഖപ്പെടുത്തിയത് |
| 1.5 അനുരൂപീകരണം (Adaptation) | • പാഠാസൂത്രണം തയ്യാറാക്കുമ്പോൾ അനുരൂപീകരണത്തിന്റെ ആവശ്യകത ഗ്രൂപ്പിൽ ചർച്ച ചെയ്ത് കുറിപ്പായി അവതരിപ്പിക്കുന്നു.<br>• അനുരൂപീകരണം നടത്തി എഴുതിയ ഒരു TM (TE തയ്യാറാക്കിയതോ ചർച്ചയിലൂടെ രൂപപ്പെട്ടതോ) ചർച്ച ചെയ്ത് ആവശ്യകത ബോധ്യപ്പെടുന്നു. | • അനുരൂപീകരണം നടത്തിയ ഒരു TM. |

## യൂണിറ്റ് – 2 : ബോധനതന്ത്രങ്ങളും പഠനസാമഗ്രികളും

സമയം : 20 മണിക്കൂർ

<table>
<tr><th>ഉള്ളടക്കം</th><th>പ്രക്രിയ</th><th>മൂല്യനിർണ്ണയം</th></tr>
<tr>
<td>2.1 സാമൂഹ്യശാസ്ത്രപഠനത്തിന് ഉപയോഗപ്പെടുത്താവുന്ന ബോധനതന്ത്രങ്ങൾ/രീതികൾ/സാങ്കേതിക വിദ്യ.<br>– പ്രശ്നപരിഹരണം<br>– പ്രോജക്ട്<br>– പ്രസംഗരീതി<br>– ചർച്ചാ രൂപങ്ങൾ<br>  – സെമിനാർ<br>  – ഗ്രൂപ്പ് ചർച്ച<br>  – പാനൽ ചർച്ച<br>  – സിംബോസിയം<br>– റോൾപ്ലേ<br>– നാടകീകരണം<br>– ഫീൽഡ് ട്രിപ്പ്<br>– ഐ.സി.ടി</td>
<td>• സെമസ്റ്റർ 1 പാഠ്യപദ്ധതിയും ബോധനശാസ്ത്രവും എന്ന വിഷയത്തിൽ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ഉപയോഗപ്പെടുത്താവുന്ന തന്ത്രങ്ങളും/രീതികളും/സാങ്കേതിക വിദ്യകളും പ്രതിപാദിച്ചിട്ടുണ്ട്. ഇവ ഉപയോഗപ്പെടുത്തി 'സാമൂഹ്യശാസ്ത്രപഠനത്തിൽ ബോധനതന്ത്രങ്ങളുടേയും രീതികളുടേയും പ്രസക്തി' എന്ന വിഷയത്തിൽ സെമിനാർ പേപ്പർ (ഗ്രൂപ്പിൽ) തയ്യാറാക്കി അവതരിപ്പിക്കുന്നു. ചർച്ചകളിലൂടെ ഓരോ പഠനതന്ത്രത്തിന്റെയും പ്രാധാന്യം, ഘടന എന്നിവ തിരിച്ചറിയുന്നു.<br>• യു.പി. ക്ലാസിലെ സാമൂഹ്യശാസ്ത്രപാഠപുസ്തകങ്ങൾ ഗ്രൂപ്പിൽ വിശകലനം ചെയ്ത് ഓരോ ക്ലാസിലും ഉപയോഗപ്പെടുത്താവുന്ന വിവിധ തന്ത്രങ്ങളും രീതികളും സാങ്കേതിക വിദ്യയും കണ്ടെത്തി പട്ടികയായി തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>താഴെകൊടുത്തിരിക്കുന്ന പട്ടിക മാതൃകയായി ഉപയോഗിക്കാവുന്നതാണ്.
<table>
<tr><th>യൂണിറ്റ് നമ്പർ</th><th>യൂണിറ്റിന്റെ പേര്</th><th>ഉപയോഗപ്പെടുത്താവുന്ന തന്ത്രങ്ങൾ/രീതികൾ/ഐ.സി.ടി</th><th>രൂപീകരിക്കാവുന്ന പ്രധാന ആശയങ്ങൾ</th></tr>
<tr><td></td><td></td><td></td><td></td></tr>
<tr><td></td><td></td><td></td><td></td></tr>
<tr><td></td><td></td><td></td><td></td></tr>
</table>
• മാതൃകയായി നൽകിയിട്ടുള്ള ഫോർമാറ്റിൽ തയ്യാറാക്കിയ പട്ടിക ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. യു.പി. ക്ലാസുകളിൽ ഉപയോഗിക്കാവുന്ന അനുയോജ്യമായ എല്ലാ പഠനതന്ത്രങ്ങളും തിരിച്ചറിയുന്നു.</td>
<td>• സെമിനാർ റിപ്പോർട്ട്<br><br>• പട്ടിക (ഗ്രൂപ്പ്)</td>
</tr>
</table>

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| **2.2 സാമൂഹ്യശാസ്ത്ര പഠനസമഗ്രികൾ/വിഭവങ്ങൾ**<br>- ഭൂപടങ്ങൾ<br>- ഗ്ലോബ്<br>- ചിത്രങ്ങൾ<br>- റഫറൻസ് പുസ്തകങ്ങൾ<br>- വർക്ക്ബുക്ക്<br>- കേസ്സ്റ്റഡികൾ<br>- പാഠപുസ്തകങ്ങൾ<br>- ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>- കഥകൾ<br>- സാമൂഹ്യവിഭവങ്ങൾ | • സാമൂഹ്യശാസ്ത്രപഠനത്തിൽ സാമൂഹ്യ വിഭവങ്ങളുടേയും സാമഗ്രികളുടേയും പങ്ക് ഗ്രൂപ്പിൽ ചർച്ച ചെയ്ത് നിഗമനം രൂപപ്പെടുത്തുന്നു.<br>• 'സാമൂഹ്യശാസ്ത്ര ക്ലാസിൽഉപയോഗപ്പെടുത്താവുന്ന പഠന സാമഗ്രികളും വിഭവങ്ങളും' എന്ന വിഷയത്തിൽ ഒരു പാനൽ ചർച്ച സംഘടിപ്പിച്ച് ഓരോ സാമഗ്രികളും എന്ത്, എന്തിന്, എങ്ങനെ, എന്ന് തിരിച്ചറിയുന്നു.<br>• സാമൂഹ്യശാസ്ത്രപാഠപുസ്തകങ്ങൾ (യു.പി.ക്ലാസിലെ) വിശ കലനം ചെയ്ത് ഓരോ യൂണിറ്റിലും ഉപയോഗിപ്പെടുത്താവുന്ന പഠന സാമഗ്രികളും, വിഭവങ്ങളും കണ്ടെത്തി പട്ടികയായി അവതരിപ്പിക്കുന്നു. (ഗ്രൂപ്പിൽ തയ്യാറാക്കുന്ന ഓരോ ക്ലാസിന്റെയും പട്ടികകൾ ക്രോഡീകരിക്കുന്നു.)<br>**കുറിപ്പ്:** ഈ യൂണിറ്റിൽ തന്നെ സാമൂഹ്യശാസ്ത്ര ക്ലാസിൽ ഉപയോഗിക്കാവുന്ന പഠനതന്ത്രങ്ങൾ/രീതികൾ ICT എന്നിവ പട്ടികയാക്കിയതിന്റെ കൂടെ സാമഗ്രികൾ/വിഭവങ്ങൾ എന്ന ഒരു കോളം കൂടി ചേർത്ത് പട്ടിക പൂർത്തിയാക്കിയാൽ മതി യാകും (ഇവ രണ്ടും ഒരു മിച്ച് ചെയ്യുകയും ആകാം). | • ചർച്ചാക്കുറിപ്പ്<br>• പാനൽ ചർച്ച, റിപ്പോർട്ട്<br>• പഠനസമഗ്രികൾ/വിഭവങ്ങൾ എന്നിവയുടെ ക്രോഡീകരണ പട്ടിക. |

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
| --- | --- | --- |
| **2.3 സാമൂഹ്യശാസ്ത്രബോധനത്തിൽ സാങ്കേതിക വിദ്യയുടെ പങ്ക്** | • ഗ്രൂപ്പ് പ്രവർത്തനത്തിലൂടെ സാമൂഹ്യശാസ്ത്രബോധനത്തിൽ വിവര സാങ്കേതികവിദ്യയുടെ പങ്ക് ചർച്ച ചെയ്ത ധാരണ രൂപപ്പെടുത്തുന്നു.<br>• ഗ്രൂപ്പിൽ അനുയോജ്യമായ ഏതെങ്കിലും പാഠഭാഗം ഐ.സി.ടി ഉപയോഗിക്കാവുന്നത് കണ്ടെത്തുന്നു. ഐ.സി.ടി യുടെ സാധ്യതകൾ-ഇന്റർനെറ്റ്, മറ്റ് മാർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടുത്തി പാഠാസൂത്രണം തയ്യാറാക്കുന്നു. (ഒരു ഐ.സി.ടി വിദഗ്ധന്റെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്). തയ്യാറാക്കിയ പാഠാസൂത്രണം കുട്ടികളെ ഉപയോഗിച്ചുകൊണ്ടാ സിമുലേഷനിലൂടെയോ അവതരിപ്പിച്ച് സാമൂഹ്യശാസ്ത്രപഠനത്തിൽ ഐ.സി.ടി സാധ്യതയുടെ പ്രാധാന്യം തിരിച്ചറിയുന്നു. | • ചർച്ചാക്കുറിപ്പ്<br>• ഐ.സി.ടി അധിഷ്ഠിത പാഠാസൂത്രണം. |

## യൂണിറ്റ് –3 : ചരിത്രം

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| **3.1 ചരിത്രപഠനത്തിന്റെ സ്വഭാവും ലക്ഷ്യങ്ങളും രീതി ശാസ്ത്രതവും** | • മനുഷ്യൻ സമൂഹ ജീവിയാണ് മനുഷ്യനും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനമാണ് ചരിത്രം.<br>• മനുഷ്യന്റെ അനുഭവങ്ങളുടെ കഥ, മനുഷ്യന്റെ പോരാട്ടങ്ങളുടെ കഥ വിവിധ മേഖലകളിൽ ഉണ്ടായ പുരോഗതി എന്നിവ ചരിത്രത്തിൽ പ്രതിപാദിക്കുന്നു.<br>• ചരിത്രത്തിന്റെ നിർവചനങ്ങൾ, സ്വഭാവം എന്നിവയെക്കുറിച്ചുള്ള പൊതുചർച്ച, ഉദാഹരണങ്ങളിലൂടെ ബോധ്യപ്പെടുന്നു.<br>• അന്വേഷണാത്മകവും ശാസ്ത്രീയവും ആയ രീതിയാണ് ചരിത്രപഠനത്തിന് സ്വീകരിക്കുന്നത്.<br>• മുൻകാലങ്ങളിൽ നടന്ന പ്രവർത്തനങ്ങൾ, ജീവിച്ചിരുന്ന വ്യക്തികൾ തുടങ്ങിയവയെക്കുറിച്ചുള്ള പഠനം നിഗമനങ്ങൾ രൂപീകരിക്കുന്നതിനും തെറ്റുകൾ ഒഴിവാക്കി മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കും ജീവിതരീതികൾക്കും വഴിയൊരുക്കും.<br>• ചരിത്രപഠനത്തിന്റെ രീതിശാസ്ത്രം, തെളിവുകളിൽ നിന്ന് നിഗമനങ്ങൾ രൂപീകരിക്കുന്ന പ്രക്രിയ എന്നിവയെ കുറിച്ചുള്ള വായനാ കുറിപ്പുകൾ ഗ്രൂപ്പുകളിൽ നൽകി, ചർച്ച, പൊതു അവതരണം ക്രോഡീകരണം. | • ചരിത്രത്തിന്റെ സ്വഭാവം ചരിത്രപഠനത്തിന്റെ പ്രസക്തി എന്നിവയെ കുറിച്ച് കുറിപ്പുകൾ (വർക്ക് ഡയറിയിൽ രേഖപ്പെടുത്തൽ.)<br>• ചരിത്രപഠനത്തിന്റെ രീതിശാസ്ത്രം-കുറിപ്പ് |

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| **3.2 ചരിത്ര ബോധനത്തിലെ സമീപനരീതികൾ** | • പ്രശ്ന പരിഹരണരീതി, പാഠപുസ്തകരീതി, അന്വേഷണാത്മകരീതി, പ്രസംഗരീതി പ്രോജക്ട് രീതി, ചർച്ചാ രീതി, ജീവചരിത്രരീതി, കാലാഘട്ടനാരീതി എന്നിവയെക്കുറിച്ച് റഫറൻസ് സാമഗ്രികളുടെ സഹായത്താൽ പേപ്പർ തയ്യാറാക്കി സെമിനാറിലൂടെ അവതരണം.<br>• ചരിത്രബോധം, പുരോഗതിചിന്ത, ബൗദ്ധിക വളർച്ച സഹിഷ്ണത, യുക്തിചിന്ത, പൗരബോധം, തൊഴിലിന്റെ മാഹാത്മ്യം എന്നീ മൂല്യങ്ങൾ ചരിത്ര പഠനത്തിലൂടെ വളരുന്നു. അപ്പർ പ്രൈമറി ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ഗ്രൂപ്പുകളിൽ നൽകി ചരിത്രാദ്ധ്യായങ്ങളിൽ ഇവയ്ക്കുള്ള സാധ്യത കണ്ടെത്തൽ, അവതരണം, ചർച്ച. | • അന്വേഷണാത്മക കുറിപ്പ്<br>• സെമിനാർ<br>• കണ്ടെത്തലുകൾ അടങ്ങിയ കുറിപ്പുകൾ |
| **3.3 ചരിത്രപഠനത്തിനുള്ള പ്രഭാവങ്ങൾ** | • ചരിത്രപഠനത്തിന് ആശ്രയിക്കാവുന്ന പ്രാഥമിക, ദ്വിതീയ സ്രോതസ്സുകൾ ഏതെല്ലാം? പൊതു ചർച്ച.യു.പി. ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ പ്രാഥമിക, ദ്വിതീയ സ്രോതസ്സുകളുടെ സാധ്യത കണ്ടെത്തൽ, അവതരണം – ഗ്രൂപ്പ് പ്രവർത്തനം | • സിംപോസിയം |

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| | • പ്രാദേശിക വിഭവങ്ങൾ (സ്മാരകങ്ങൾ, വ്യക്തികൾ, പുസ്തകങ്ങൾ തുടങ്ങിയവ) ഉപയോഗപ്പെടുത്തൽ, ലൈബ്രറി, വിവരസാങ്കേതിക വിദ്യ എന്നിവയെ ചരിത്രപഠനത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താം? പൊതുചർച്ച, ക്രോഡീകരണം. | • പ്രദേശിക വിഭവങ്ങൾ ഗ്രൂപ്പ് ചർച്ച |
| **3.4 പ്രാദേശിക ചരിത്രം**<br>– പ്രസക്തി<br>– രചന ഘട്ടങ്ങൾ | • ഓരോ പ്രദേശത്തിന്റെയും പുരോഗതിയിൽ ഒരു പൂർവ്വകാല ചരിത്രമുണ്ട്. ജീവിതരീതി തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വളർച്ചയിലും വികാസത്തിലും വ്യക്തികൾ പങ്കുവഹിച്ചിട്ടുണ്ടെന്ന് പൊതു ചർച്ചയിലൂടെ തിരിച്ചറിയുന്നു. | |
| • പ്രദേശിക ചരിത്രരചന | • വിവിധ പ്രദേശങ്ങളിൽ ജീവിച്ചിരുന്നതും ഇപ്പോൾ ജീവിച്ചിരിക്കുന്നതുമായ ശ്രേഷ്ഠരായ വ്യക്തികൾ ആരെല്ലാം? വ്യക്തിഗതമായ കണ്ടെത്തലുകൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് പൊതുവായി അവതരിപ്പിക്കുന്നു. പ്രാദേശിക ചരിത്രത്തിലെ ചരിത്രാശയങ്ങൾ ഏതു രീതിയിൽ ബന്ധിപ്പിക്കാമെന്ന് ചർച്ചയിലൂടെ ബോധ്യപ്പെടുന്നു. പ്രാദേശികചരിത്രത്തിന്റെ പ്രസക്തിയെക്കുറിച്ച് പൊതു ചർച്ച. | • ഗ്രൂപ്പ് ചർച്ച, റിപ്പോർട്ട് |
| | • 'പ്രാദേശിക ചരിത്രത്തിന്റെ പ്രസക്തി' എന്ന വിഷയത്തെ സംബന്ധിച്ച വിവരശേഖരണം, സെമിനാർ പേപ്പർ തയ്യാറാക്കൽ, അവതരണം. | • സെമിനാർ പേപ്പർ, റിപ്പോർട്ട് |
| | • പ്രാദേശിക ചരിത്രം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ എന്തെല്ലാം എന്ന് ചർച്ചയിലൂടെ കണ്ടെത്തുന്നു. (സിമുലേഷൻ രീതി സ്വീകരിക്കാവുന്നതാണ്.) | |

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
| --- | --- | --- |
| | • പ്രദേശിക രചനകൾ ഗ്രൂപ്പിൽ നൽകി പരിചയപ്പെടുന്നു. വിശകലനം ചെയ്ത് ശ്രദ്ധിക്കേണ്ട ഘടകങ്ങൾ തിരിച്ചറിയുന്നു. രേഖപ്പെടുത്തുന്നു<br>• പ്രാദേശിക ചരിത്രം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഘടകങ്ങൾ<br>– വിഷയം തെരഞ്ഞെടുക്കൽ<br>– വിവരശേഖരണ രീതി നിശ്ചയിക്കൽ<br>– വിവരശേഖരണത്തിന്റെ ഉറവിടം കണ്ടെത്തൽ<br>– വിവരശേഖരണം<br>– ശേഖരിച്ച വിവരങ്ങളുടെ ചിട്ടയായ രേഖപ്പെടുത്തൽ<br>– രേഖപ്പെടുത്തിയ വിവരങ്ങളെ അപഗ്രഥിക്കൽ<br>– നിഗമനങ്ങൾ രൂപീകരിക്കൽ<br>• പ്രാദേശിക ചരിത്രരചന – വ്യക്തിഗതം.<br>അധ്യാപക വിദ്യാർത്ഥികൾ അവരവരുടെ പ്രദേശങ്ങൾ സന്ദർശിച്ച് വിവിധ ഉപാധികളുടെ സഹായത്താൽ വിവരം ശേഖരിക്കുന്നു. ആ പ്രദേശത്തെക്കുറിച്ച് ശേഖരിച്ച വിവരങ്ങളെ ചിട്ടപ്പെടുത്തി അപഗ്രഥിച്ച് കണ്ടെത്തലുകൾ രൂപീകരിക്കുന്നു. ഘട്ടങ്ങൾ പാലിച്ച് പ്രദേശിക ചരിത്ര രചന നടത്തുന്നു. (ഫീൽഡ് ട്രിപ്പിന്റെ സാധ്യത ഉപയോഗപ്പെടുത്തണം.)<br>• ഫീൽഡ് ട്രിപ്പിന് മുമ്പ് എന്ത്? ശേഷമെന്ത്? പൊതു ചർച്ച. | • സിമുലേഷൻ രേഖപ്പെടുത്തൽ<br>• പ്രദേശിക ചരിത്രരചന – പ്രോജക്ട്<br>• ഫീൽഡ് ട്രിപ്പ് – കുറിപ്പ് |

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| **3.5 മാനവ സംസ്കൃതിയുടെ വികാസ പരിണാമങ്ങൾ**<br>– പുരാതന ശിലായുഗം<br>– നവീന ശിലായുഗം<br>– വെങ്കലയുഗം & ഇരുമ്പുയുഗം. | • പുരാതന ശിലായുഗം, നവീനശിലായുഗം വെങ്കലയുഗം എന്നീ കാലഘട്ടങ്ങളിലെ ജീവിതരീതിയെക്കുറിച്ച് സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ (ക്ലാസ് –5, യൂണിറ്റ് 2) നിന്ന് വിവരശേഖരണം, കുറിപ്പ് തയ്യാറാക്കൽ, ചർച്ച. | • മനുഷ്യപുരോഗതിയുടെ വികാസ പരിണാമങ്ങൾ – അസൈൻമെന്റ് |
| **3.6 സാമൂഹിക സാംസ്കാരിക മാറ്റങ്ങളും, ദേശീയ പ്രസ്ഥാനങ്ങളും**<br>– നവോത്ഥാനം, മതനവീകരണം<br>– ഫ്രഞ്ച് വിപ്ലവം, റഷ്യൻ വിപ്ലവം, ഇംഗ്ലണ്ടിലെ വിപ്ലവങ്ങൾ, ചൈനയിലെ വിപ്ലവം<br>– ഒന്നു രണ്ടു ലോകയുദ്ധങ്ങൾ | • ഇന്ത്യാചരിത്രത്തിലെയും കേരളചരിത്രത്തിലെയും സംഭവങ്ങൾ വിവിധ വിവര സ്രോതസ്സുകളിൽ നിന്നു കണ്ടെത്തുന്നു. ഇവ ഉണ്ടാകാനിടയായ കാരണങ്ങൾ, ഫലങ്ങൾ എന്നിവ കണ്ടെത്തി അവതരിപ്പിക്കുന്നു. പൊതു അവതരണത്തിലൂടെ തുടർച്ചയും മാറ്റവും ചരിത്രത്തിന്റെ സവിശേഷതകളാണെന്ന് കണ്ടെത്തുന്നു.<br>• അപ്പർ പ്രൈമറി ക്ലാസുകളിലെ സോഷ്യൽ സയൻസ് പാഠപുസ്തകത്തിലുള്ള ലോക ചരിത്രം, ഇന്ത്യാചരിത്രം, കേരളചരിത്രം എന്നിവയുമായി ബന്ധപ്പെട്ട പാഠഭാഗങ്ങളിലെ പ്രധാനാശയങ്ങള കണ്ടെത്തൽ ഗ്രൂപ്പ് പ്രവർത്തനം. | • താരതമ്യ പഠനകുറിപ്പ്<br>• പൊതുചർച്ച<br>• ഗ്രൂപ്പ് ചർച്ച<br>• ലഘു കുറിപ്പുകൾ<br>• കാലഘടന ചർട്ട്/ടൈംലൈൻ |

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| • ഒന്നാം സ്വാതന്ത്ര്യ സമരം<br>• ദേശീയപ്രസ്ഥാനം<br>• ഐക്യകേരളപ്രസ്ഥാനം<br>• മതസൗഹാർദ്ദ പ്രസ്ഥാനങ്ങൾ<br>• സമാധാന പ്രവർത്തനങ്ങൾ പ്രസ്ഥാനങ്ങൾ - ധാരണരൂപീകരിക്കൽ ബോധനതന്ത്രങ്ങൾ ആവിഷ്കരിക്കൽ | • ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലെ വിവിധ ഘട്ടങ്ങൾ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണം നിസ്സഹരണപ്രസ്ഥാനം നിയമലംഘന പ്രസ്ഥാനം ക്വിറ്റിന്ത്യാപ്രസ്ഥാനം, സ്വതന്ത്രലബ്ദി, ചേരിചേരാ പ്രസ്ഥാനം, ഐക്യകേരള പ്രസ്ഥാനം.<br>• ലോകചരിത്രത്തിലെ സർവ്വരാജ്യസഖ്യം, ഐക്യരാഷ്ട്രസംഘടന, അന്തർദേശീയ സംഘടനകൾ എന്നിവയെ സംബന്ധിച്ച ചർച്ച, ബോധനതന്ത്രങ്ങൾ ആവിഷ്കരിക്കൽ - ധാരണ രൂപീകരിക്കൽ<br>• പാഠാസൂത്രണം തയ്യാറാക്കൽ ഒരു ചരിത്രപാഠഭാഗത്തിലെ പഠനനേട്ടങ്ങളെ അടിസ്ഥാനമാക്കി പാഠാസൂത്രണം തയ്യാറാക്കൽ - വ്യക്തിഗതം. | • സ്വാതന്ത്ര്യ സമരത്തെക്കുറിച്ചുള്ള നാടകീകരണം, റോൾപ്ലേ<br>• ലഘു കുറിപ്പുകൾ<br>• പാഠാസൂത്രണം തയ്യാറാക്കൽ |

## യൂണിറ്റ് – 4 : ഭൂമിശാസ്ത്രം

സമയം : 30 മണിക്കൂർ

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| **4.1 ഭൂമിശാസ്ത്രത്തിന്റെ സ്വഭാവം**<br>• ഭൂമിശാസ്ത്രജ്ഞാനത്തിന്റെ ആവശ്യകത<br>• ഭൂമിശാസ്ത്രജ്ഞാനം മനുഷ്യപുരോഗതിയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ | • നിരന്തര നിരീക്ഷണങ്ങളുടെ ഫലമായി തന്റെ പ്രദേശത്തിന്റെ പ്രത്യേകതകൾ, കാലാവസ്ഥയുണ്ടാക്കുന്ന മാറ്റങ്ങൾ, സസ്യ ജാലങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ, പ്രതിഭാസങ്ങൾ എന്നിവ മനസിലാക്കി ഇത്തരം തിരിച്ചറിവുകൾ ഭൂമിശാസ്ത്രത്തിന്റെ തുടക്കത്തിനും വളർച്ചക്കും വഴിതെളിച്ചുവെന്നും മനുഷ്യന്റെ പുരോഗതിയ്ക്കു ഭൂമിശാസ്ത്ര സംബന്ധമായ അറിവ് അനിവാര്യമാണ് എന്നും വിശദീകരിക്കുന്ന 'ഹാൻഡ് ഔട്ടുകൾ', വ്യത്യസ്ത പ്രദേശങ്ങളിലെ മനുഷ്യജീവിതം കൃഷി, വസ്ത്ര ധാരണ രീതികൾ, ആചാരങ്ങൾ, ആഘോഷങ്ങൾ എന്നിവ വിശദീകരിക്കുന്ന 'ഹാൻഡ് ഔട്ടുകൾ' വായിക്കുന്നു. കുറിപ്പ് തയ്യാറാക്കുന്നു. | • ഭൂമിശാസ്ത്രത്തിന്റെ സ്വഭാവം വിശദമാക്കുന്ന കുറിപ്പ്. |
| **4.2 ഭൂമിശാസ്ത്രത്തിന്റെ സ്വഭാവം**<br>• ഇന്റർ ഡിസിപ്ലിനറി സ്വഭാവം (മറ്റു വിഷയങ്ങളുമായുള്ള ബന്ധം)<br>• ഭൂപട വിശകലനം | • മറ്റു വിഷയങ്ങളുമായുള്ള ഭൂമിശാസ്ത്രത്തിന്റെ ബന്ധം വിശദമാക്കുന്ന ഹാന്റ് ഔട്ടുകൾ പരിശോധിക്കുന്നു. രൂപപ്പെട്ട ആശയങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു.<br>• ഭൂമിശാസ്ത്രപഠനത്തിൽ ഭൂപട വിശകലനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു. | • ഭൂപട വിശകലനത്തിലൂടെ തിരിച്ചറിഞ്ഞ വസ്തുതകൾ ഉൾപ്പെട്ട കുറിപ്പ് |

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| **4.3 ഭൂമിശാസ്ത്രത്തിന്റെ ലക്ഷ്യങ്ങൾ**<br>• സ്ഥലപരമായ ബോധം വളർത്തൽ<br>– അക്ഷാംശ രേഖാംശസ്ഥാനം<br>– തോതുകൾ (സ്കെയിൽ)<br>• സ്കെച്ചുകൾ തയ്യാറാക്കൽ<br>• പ്ലാനുകൾ തയ്യാറാക്കൽ | • ഗ്ലോബ്, വിവിധതരം ഭൂപടങ്ങൾ ഇവ നിരീക്ഷിച്ച് അക്ഷാംശം - രേഖാംശങ്ങൾ, തോതുകൾ എന്നിവയെ സംബന്ധിച്ച് ധാരണകൾ രൂപപ്പെടുത്തുന്നു.<br>• വീട്, ക്ലാസ്സ് മുറി, സ്കൂൾ കോമ്പൗണ്ട് എന്നിവയുടെ സ്കെച്ച്, പ്ലാൻ തയ്യാറാക്കുന്നു. | • ആകൃതി വലിപ്പം എന്നിവയുടെ അടിസ്ഥാനത്തിൽ അക്ഷാംശ - രേഖാംശങ്ങളെ താരതമ്യം ചെയ്ത കുറിപ്പ്.<br>• സ്വയം തയ്യാറാക്കിയ സകെച്ച്, പ്ലാൻ. |
| • ഭൂപട വായന<br>– ഭൂപടങ്ങളിൽ ഉപയോഗിച്ചിട്ടുള്ള അംഗീകൃത നിറങ്ങളും ചിഹ്നങ്ങളും തിരിച്ചറിയൽ<br>– ദിശ മനസിലാക്കൽ<br>• ഭൂപട വിശകലനം<br>– ധരാതലീയ ഭൂപടങ്ങൾ<br>– അറ്റ്ലസ്<br>• വിഭവ ഭൂപടങ്ങൾ തയ്യാറാക്കൽ | • വിവിധതരം ഭൂപടങ്ങൾ വേർതിരിച്ച് വ്യത്യാസം രേഖപ്പെടുത്തുന്നു.<br>• Index ന്റെ സഹായത്തോടെ അറ്റ്ലിസിൽ നിന്നും സ്ഥലങ്ങൾ കണ്ടെത്തുന്നു.<br>• നിറങ്ങൾ, ചിഹ്നങ്ങൾ ഉപയോഗിച്ച് ധരാതലീയ ഭൂപടം വിശകലനം ചെയ്യുന്നു. കുറിപ്പുകൾ തയ്യാറാക്കുന്നു.<br>• വിഭവ ഭൂപടത്തിന്റെ സവിശേഷതകൾ ചർച്ച ധാരണ രൂപീകരിക്കൽ - ഭൂപടം തയ്യാറാക്കൽ | • വിവിധതരം ഭൂപടങ്ങൾ തമ്മിലുള്ള വ്യത്യാസം, പ്രാധാന്യം ഇവയുടെ താരതമ്യകുറിപ്പ്.<br>• ധരാതലീയ ഭൂപടം വിശകലനം ചെയ്തു തയ്യാറാക്കിയ കുറിപ്പ് |

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| 4.4 **വിവിധ ഭൂരൂപങ്ങൾ**<br>• വൻകര പ്രദേശങ്ങൾ<br>– പർവതങ്ങൾ<br>– പീഠഭൂമികൾ<br>– സമതലങ്ങൾ<br>• സമുദ്രമേഖല<br>– വൻകരത്തട്ട്<br>– വൻകരച്ചരിവ്<br>– സമുദ്ര ഗർത്തങ്ങൾ | • ടെക്സ്റ്റ് ബുക്കുകൾ,ചിത്രങ്ങൾ, ഫോട്ടോകൾ, ഗ്രാഫുകൾ, ആനിമേഷനുകൾ (You tube) വീഡിയോ ക്ലിപ്പിംഗുകൾ എന്നിവ ഉപയോഗപ്പെടുത്തി വിവിധ ഭൂരൂപങ്ങളെകുറിച്ചുള്ള ധാരണകൾ രൂപപ്പെടുത്തുന്നു. | • ആൽബം<br>– വിവിധ ഭൂരൂപങ്ങൾ<br>• കുറിപ്പുകൾ<br>• ഫ്ളോചാർട്ടുകൾ |
| 4.5 **അന്തരീക്ഷം**<br>• ഘടനയും സംരചനയും<br>• അന്തരീക്ഷ സ്ഥിതിയെ സ്വാധീനിക്കുന്ന ഘടങ്ങൾ<br>– താപനില<br>– മർദ്ദം<br>– ആർദ്രത | • അന്തരീക്ഷ - വാതക സംരചന ചിത്രീകരിച്ചിട്ടുള്ള പട്ടിക, അന്തരീക്ഷ ഘടന ചിത്രീകരിച്ചിട്ടുള്ള ചിത്രം എന്നിവ വിശകലനം ചെയ്യുന്നു.<br>• അന്തരീക്ഷ സ്ഥിതിയെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതൊക്കെയെന്നും അവ ഏതുവിധം സ്വാധീനിക്കുന്നുവെന്നും വിശദീകരിച്ചിട്ടുള്ള വായനസാമഗ്രികൾ വിശകലനം ചെയ്യുന്നു. | • ചാർട്ടുകൾ<br>– വാതക സംരക്ഷത (പൈഡയഗ്രം)<br>– അന്തരീക്ഷ ഘടക<br>• വിശകലന കുറുപ്പുകൾ |
| • ദിനാന്തരീക്ഷസ്ഥിതിയും കാലാവസ്ഥയും<br>• വിവിധതരം കാറ്റുകൾ<br>– ആഗോളവാതങ്ങൾ<br>– വാണിജ്യവാതങ്ങൾ<br>– പശ്ചിമ വാതകങ്ങൾ<br>– പൂർവ വാതങ്ങൾ<br>– കാലിക വാതങ്ങൾ<br>– മൺസൂൺ കാറ്റുകൾ<br>• പ്രാദേശിക വാതങ്ങൾ<br>– കരക്കാറ്റും കടൽകാറ്റും<br>– ലൂ,ഫോൺ, ചിനൂക്ക്, മാംഗോഷവേഴ്സ്, കാൽബൈശാഖി | • ദിനാന്തരീക്ഷസ്ഥിതിയും കാലാവസ്ഥയും തമ്മിലുള്ള വ്യത്യാസം ചർച്ചചെയ്യുന്നു.<br>• ചിത്രങ്ങൾ, അനിമേഷനുകൾ, വായനാ സാമഗ്രികൾ എന്നിവ പരിശോധിച്ച് വിവിധതരം കാറ്റുകൾ ഏതൊക്കെയെന്നും അവയുടെ സവിശേഷതതകൾ എന്തൊക്കെയെന്നും ബോധ്യപ്പെടുന്നു. ബോധ്യമായ വസ്തുതകൾ രേഖപ്പെടുത്തി അവതരിപ്പിക്കുന്നു. | • വിവിധ കാറ്റുകളെ സൂചിപ്പിക്കുന്ന ചിത്രങ്ങൾ (സ്വയം വരച്ചത്)<br>• കാറ്റുകളുടെ പ്രത്യേകത, മേഖല, മർദ്ദ വ്യത്യാസം എന്നിവ ഉൾപ്പെട്ട പട്ടികകൾ<br>• വിശകലന കുറിപ്പുകൾ |

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| **4.6 ആഗോളതാപനം**<br>• കാരണങ്ങൾ<br>• ഫലങ്ങൾ<br>• പരിഹാരങ്ങൾ | • സൂര്യതാപനം, ഭൗമവികിരണം, ഹരിതഗൃഹവാതകങ്ങൾ, ആഗോളതാപനം, ആഗോളതാപനം തുടങ്ങിയവ സൃഷ്ടിക്കുന്ന പ്രത്യാഘാതകങ്ങൾ പരിഹാരമാർഗങ്ങൾ എന്നീ വിവരങ്ങൾ ഉൾപ്പെടുന്ന വായനസാമഗ്രി ഉപയോഗിപ്പെടുത്തി വസ്തുതകൾ ബോധ്യപ്പെടുന്നു. ഇവ ഉൾപ്പെടുത്തി സെമിനാർ അവതരിപ്പിക്കുന്നു.<br>• ആഗോളതാപനത്തിനെതിരായി പോസ്റ്ററുകൾ തയ്യാറാക്കുന്നു.<br>• റാലികൾ സംഘടിപ്പിക്കുന്നു.<br>• മരം നട്ടുപിടിപ്പിക്കുന്നു.<br>• ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കുന്നു. | • സെമിനാർ<br>– അവതരണം<br>– സെമിനാർ പേപ്പർ<br>– പങ്കാളിത്തം<br>– ഉള്ളടക്കധാരണ<br>സംഘപ്രവർത്തനങ്ങളുടെ മികവ്<br>– പോസ്റ്റർ തയ്യാറാക്കൽ റാലി<br>– മരം നട്ടുപിടിപ്പിക്കൽ<br>– ബോധവൽക്കരണ പരിപാടി. |
| **4.8 ജനസംഖ്യാ പഠനം**<br>• ജനസംഖ്യ – വസ്തുതകൾ ഇന്ത്യ – കേരളം താരതമ്യം പഠനം.<br>– വളർച്ചനിരക്ക്<br>– ആയുർദൈർഘ്യം<br>– സ്ത്രീപുരുഷ അനുപാതം<br>– സാക്ഷരത<br>– ജനസാന്ദ്രത<br>• ജനസംഖ്യാ വിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ<br>– ഭൂപ്രകൃതി, കാലാവസ്ഥ, ജല ലഭ്യത, വിഭവലഭ്യത, വ്യവസായ – നഗരവൽകരണം. | • 2011–ലെ സെൻസസ് ഡെറ്റാ ഷീറ്റ് വിശകലനം ചെയ്യുന്നു.<br>• വളർച്ചാ നിരക്ക്, ആയൂർദൈർഘ്യം, സ്ത്രീപുരഷ അനുപാതം, സാക്ഷരത, ജനസാന്ദ്രത എന്നിവ (ഇന്ത്യ, കേരളം) താരതമ്യം ചെയ്തു നിഗമനങ്ങൾ രേഖപ്പെടുത്തുന്നു.<br>• ഗ്രൂപ്പുതലത്തിൽ വിവരങ്ങൾ ക്രോഡീകരിക്കുന്നു. പൊതു അവതരണം നടത്തുന്നു. കുറിപ്പുകൾ തയ്യാറാക്കുന്നു.<br>• ഭൂപടം, വായനസാമഗ്രികൾ എന്നിവകളിൽ നിന്നും ഇന്ത്യയിലെ ജനനസംഖ്യാ വിതരണത്തിലുള്ള അസന്തുലിതവസ്ഥ ബോധ്യപ്പെടുന്നു. സ്വാധീനിക്കുന്ന ഘടകങ്ങൾ തിരിച്ചറിയുന്നു.<br>• ഇന്ത്യയിലും കേരളത്തിലും നടന്നിട്ടുള്ള കൂടിയേറ്റങ്ങൾ, അവയ്ക്കുള്ള കാരണങ്ങൾ, ഫലങ്ങൾ എന്നിവ ഇന്റർനെറ്റ്, വായനസാമഗ്രികൾ, ഹാന്റ് ഔട്ട് എന്നിവകളിൽ നിന്നും ബോധ്യപ്പെടുന്നു. നോട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. | • വിശകലന കുറിപ്പുകൾ<br>• ചർച്ചാകുറിപ്പുകൾ<br><br>*കുറിപ്പ് : ക്ലാസ് 5, 6, 7 സോഷ്യൽസയൻസ് പാഠപുസ്തകങ്ങളിലെ ഭൂമിശാസ്ത്രവുമായി ബന്ധപ്പെട്ട യൂണിറ്റുകൾ വിശകലനം ചെയ്യുകയും കൂടുതൽ വിവരശേഖരണം നടത്തുകയും ചെയ്യണം.* |

Draft

# $S_4.P_{22}$ (c) സാമാന്യശാസ്ത്രം– പ്രയോഗം

## യൂണിറ്റ് – 1 : ശാസ്ത്രപാഠപുസ്തകങ്ങളിലേക്ക്

**സമയം : മണിക്കൂർ**

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| **1.1 : ശാസ്ത്രപാഠപുസ്തകത്തിനുണ്ടായിരിക്കേണ്ട സവിശേഷതകൾ**<br>• അടിസ്ഥാനശാസ്ത്രാശയങ്ങൾ ഉറപ്പാക്കുന്നത്.<br>• മനഃശാസ്ത്രതത്വങ്ങളെ അടിസ്ഥാനമാക്കിയത്.<br>• പ്രവർത്തനാധിഷ്ഠിതം<br>• ശാസ്ത്രപ്രക്രിയകൾ ഉറപ്പുവരുത്തുന്നത്.<br>• തുറന്ന ചിന്തയെ പ്രോത്സാഹിപ്പിക്കുന്നത്<br>• ശിശുസൗഹൃദപരം<br>• ആകർഷകം (ഭാഷാ, ചിത്രങ്ങൾ, ലേഔട്ട്)<br>• ഐ.സി.ടി സാധ്യതകൾ ഉറപ്പാക്കുന്നത്.<br>• സി.ഡബ്ലിയു. എസ്.എൻ. കുട്ടികളെ പരിഗണിക്കുന്നത്.<br>• റഫറൻസ് സൂചനകൾ അടങ്ങിയത്.<br>• തുടർ പഠനത്തിന് പ്രേരിപ്പിക്കുന്നത്.<br>• പ്രാദേശിക സാധ്യതകൾ പരിഗണിക്കുന്നത്<br>• ചാക്രികാരോഹണരീതി അടിസ്ഥാന്മാക്കിയത്.<br>• നിത്യജീവിതവുമായി ബന്ധപ്പെട്ടത്.<br>• ശാസ്ത്രപഠന ലക്ഷ്യങ്ങൾ നേടാൻ പര്യാപ്തമായത്<br>• സ്വയം പഠനത്തിന് സഹായിക്കുന്നത് | • ഒരു മികച്ച ശാസ്ത്രപാഠപുസ്തകത്തിന് ഉണ്ടായിരിക്കേണ്ട സവിശേഷതകൾ – ചർച്ച<br>• ചെക്ക് ലിസ്റ്റ് നിർമാണം<br>• നിലവിലുള്ള യു.പി. ശാസ്ത്രപാഠപുസ്തകങ്ങൾ നല്ല ശാസ്ത്രപാഠപുസ്തകത്തിന്റെ സവിശേഷതകൾ പാലിക്കുന്നുണ്ടോ? – പാഠപുസ്തക വിശകലനം, റിപ്പോർട്ട് തയ്യാറാക്കൽ.<br>• ഒരേ ശാസ്ത്രാശയം വ്യത്യസ്ത ക്ലാസുകളിൽ അവതരിപ്പിക്കുമ്പോൾ ഉള്ളടക്കം, അവതരണം, വിനിമയരീതി എന്നിവയിലെ വ്യത്യാസങ്ങൾ കണ്ടെത്തൽ – സംഘപ്രവർത്തനം 5, 6, 7 ക്ലാസുകളിലെ ശാസ്ത്രപാഠപുസ്തകങ്ങളുടെ വിശകലനം.<br>• യു.പി. ക്ലാസ്സുകളിലെ ശാസ്ത്രപാഠപുസ്തകങ്ങളിൽ ശാസ്ത്രാശയങ്ങളുടെ വിനിമയത്തിനായി വ്യത്യസ്ത സങ്കേതങ്ങളുടെ (വിവരണങ്ങൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, പട്ടികകൾ, കാർട്ടൂണുകൾ മുതലായവ) സാധ്യതകൾ എങ്ങനെ ഉപയോഗപ്പെടുത്തിയിരിക്കുന്നു? – 5, 6, 7 ക്ലാസുകളിലെ ശാസ്ത്രപാഠപുസ്തകങ്ങളുടെ വിശകലനം.<br>**കുറിപ്പ്:** ഈ മൂന്ന് സംഘപ്രവർത്തനങ്ങളും സമാന്തരമായി നടത്താവുന്നതാണ്. വ്യത്യസ്ത സംഘങ്ങൾക്ക് വ്യത്യസ്ത പ്രവർത്തനങ്ങൾ നൽകേണ്ടതാണ്. എന്നാൽ ക്രോഡീകരണം. ഓരോ അധ്യാപകവിദ്യാർത്ഥിയുടെയും 'എന്റെ ശാസ്ത്രപുസ്തകത്തിൽ' ഉണ്ടാവണം. | • ചെക്ക് ലിസ്റ്റ്<br>• പാഠപുസ്തക വിശകലനക്കുറിപ്പ്<br>• റിപ്പോർട്ട് ഒരേ ശാസ്ത്രാശയം വ്യത്യസ്ത തലങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നതിലെ വൈവിധ്യം.<br>• വിശകലനക്കുറിപ്പ് – വ്യത്യസ്ത സങ്കേതങ്ങളുടെ ഉപയോഗപ്പെടുത്തൽ.<br>• 'എന്റെ ശാസ്ത്രപുസ്തക'ത്തിലെ കുറിപ്പുകൾ.<br>• പ്രകടനം – വിശകലന റിപ്പോർട്ടുക |

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| **1.2 ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങൾ** (റഫർ ഡി.എഡ് ശാസ്ത്രപാഠ്യപദ്ധതി സെമസ്റ്റർ 4 )<br>– ജീവികളുടെ വർഗ്ഗീകരണം<br>– Two Kingdom, Five Kingdom<br>– ദ്വിനാമ പദ്ധതി | • ആധികാരിക ശാസ്ത്രപുസ്തകങ്ങൾ റഫർ ചെയ്ത് അസൈൻമെന്റ് തയ്യാറാക്കുന്നു. | • അസൈൻമെന്റ് |
| • ആവാസവ്യവസ്ഥ | • സെമസ്റ്റർ 1 ലെ പ്രവർത്തനം പുനരവലോകനം നിരീക്ഷണം, ലഘുപ്രോജക്ട്, റിപ്പോർട്ട് തയ്യാറാക്കൽ. | • പ്രോജക്ട് റിപ്പോർട്ട്, റിപ്പോർട്ട് |
| • ജൈവ വൈവിധ്യം | • പഠനയാത്ര- റിപ്പോർട്ട് തയ്യാറാക്കൽ റഫറൻസിംഗ്, കുറിപ്പ് തയ്യാറാക്കൽ, ഐ.സി.ടി. | • പഠനയാത്രയുടെ റിപ്പോർട്ട് |
| • സസ്യങ്ങൾ | • ലഘു പരീക്ഷണങ്ങൾ - ഐ.സി.ടി സാധ്യതകൾ ലഘുപ്രോജക്ടുകൾ | • പരീക്ഷണക്കുറിപ്പ്, പ്രോജക്ട് റിപ്പോർട്ട് |
| • പോഷണം | • ഐ.സി.ടി ആഹാരവസ്തുക്കളിലെ രാസവസ്തുക്കളുടെ സാന്നിധ്യം, ദൂഷ്യ ഫലങ്ങൾ, മായം കണ്ടെത്തൽ , പരീക്ഷണങ്ങൾ, ലഘുപ്രോജക്ടുകൾ. | • ഐ.സി.ടി പ്രസന്റേഷൻ, പ്രോജക്ട് റിപ്പോർട്ട് |
| • മനുഷ്യശരീരം , അവയവ വ്യവസ്ഥകൾ | • റഫറൻസിംഗ്, ഐ.സി.ടി, അവയവ വ്യവസ്ഥകൾ - concept mapping | • Concept map , നിരീക്ഷണക്കുറിപ്പ്, മാതൃകകൾ. |
| • കോശശാസ്ത്രം | • മൈക്രോസ്കോപ്പിലൂടെയുള്ള കോശ നിരീക്ഷണം, ഐ.സി.ടി. സാധ്യതകൾ, മാതൃക നിരീക്ഷണം, നിർമ്മാണം. | • നിരീക്ഷണക്കുറിപ്പ് |
| • കലകൾ | • സസ്യകലകൾ ജന്തുകലകൾ പരീക്ഷണം, ചിത്രീകരിക്കൽ | • പരീക്ഷണക്കുറിപ്പുകൾ, ചിത്രങ്ങൾ. |
| • ആന്തരസമസ്ഥിതി | • റഫറൻസിംഗ്, പരീക്ഷണങ്ങൾ, ഐ.സി.ടി വിഭവങ്ങൾ. | • പരീക്ഷണക്കുറിപ്പുകൾ, ഐ.സി.ടി പ്രസന്റേഷൻ. |
| • രോഗങ്ങൾ | • ഐ.സി.ടി പ്രസന്റേഷൻ തയ്യാറാക്കൽ, സെമിനാർ. | • സെമിനാർ റിപ്പോർട്ട് ഐ.സി.ടി പ്രസന്റേഷൻ |

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| • കൃഷി | • സിമുലേഷൻ, ഫീൽഡ് ട്രിപ്പ്, (കാർഷിക ഗവേഷണ കേന്ദ്രം) ലഘുപ്രോജക്ടുകൾ, കൃഷി ഓഫീസറുമായി അഭിമുഖം. | • ഫീൽഡ് ട്രിപ്പ്, ലഘുപ്രോജക്ട് എന്നിവയുടെ റിപ്പോർട്ട്, അഭിമുഖം റിപ്പോർട്ട് |
| • ജലം | • ലഘു പരീക്ഷണങ്ങൾ, Concept mapping | • പരീക്ഷണക്കുറിപ്പ് Concept map |
| • ജീവൻ | • റഫറൻസിംഗ്, അസൈൻമെന്റ് | • അസൈൻമെന്റ് |
| • പ്രകാശം | • ലഘു പരീക്ഷണങ്ങൾ, ഐ.സി.ടി നിരീക്ഷണം. Concept mapping | • പരീക്ഷണക്കുറിപ്പുകൾ, Concept map |
| • ലഘുയന്ത്രങ്ങൾ | • ലഘു പരീക്ഷണങ്ങൾ, ഉത്തോലകങ്ങൾ വർഗ്ഗീകരണം, സിമുലേഷൻ (യൂണിറ്റ് 2.2) | • പരീക്ഷണക്കുറിപ്പ്, സിമുലേഷൻ |
| • കാന്തികത | • ലഘുപരീക്ഷണങ്ങൾ, ഐ.സി.ടി. | • പരീക്ഷണക്കുറിപ്പുകൾ |
| • ഊർജ്ജം | • ലഘുപ്രോജക്ട്, ലഘു പരീക്ഷണങ്ങൾ, മാതൃകാനിർമ്മാണം, സെമിനാർ | • പ്രോജക്ട് റിപ്പോർട്ട്, സെമിനാർ റിപ്പോർട്ട് |
| • മിശ്രിതങ്ങൾ | • ലഘുപരീക്ഷണങ്ങൾ, ഐ.സി.ടി | • പരീക്ഷണക്കുറിപ്പ് |
| • ലോഹങ്ങൾ | • ലഘു പരീക്ഷണങ്ങൾ, ഐ.സി.ടി, Concept mapping | • പരീക്ഷണക്കുറിപ്പുകൾ, Concept map |
| • രാസപ്രവർത്തനങ്ങൾ | • ലഘു പരീക്ഷണങ്ങൾ, നിരീക്ഷണകുറിപ്പ് തയ്യാറാക്കൽ. | • നിരീക്ഷണക്കുറിപ്പ്, പരീക്ഷണക്കുറിപ്പ്. |
| • ആറ്റം, തന്മാത്ര<br>– പ്രാഥമിക ആശയങ്ങൾ<br>– പദാർത്ഥങ്ങൾ<br>– മൂലകങ്ങൾ<br>– ലായനികൾ<br>– വാതകങ്ങൾ | • ഐ.സി.ടി റഫറൻസിംഗ്, ലഘുപരീക്ഷണങ്ങൾ, മോഡൽ നിർമ്മാണം, Concept mapping | • മാതൃകകൾ, പരീക്ഷണക്കുറിപ്പ് Concept map. |

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| • രസതന്ത്രം - നിത്യ ജീവിതത്തിൽ | • ലഘു പ്രോജക്ടുകൾ, റഫറൻസിംഗ്, സെമിനാർ, പോസ്റ്റർ നിർമ്മാണം, ദിനാചരണം. | • പ്രോജക്ട് റിപ്പോർട്ട്, ഐ.സി.ടി പ്രസന്റേഷൻ, സെമിനാർ റിപ്പോർട്ട് ദിനാചരണ കുറിപ്പ്, പോസ്റ്ററുകൾ |
| • താപീയ വികാസം | • ലഘു പരീക്ഷണങ്ങൾ, ഐ.സി.ടി റഫറൻസിംഗ് | • പരീക്ഷണക്കുറിപ്പ്, ഐ.സി.ടി പ്രസന്റേഷൻ |
| • വൈദ്യുതി | • ലഘുപരീക്ഷണങ്ങൾ, ഐ.സി.ടി റഫറൻസിംഗ്, മാതൃകാ നിർമാണം. | • പരീക്ഷണക്കുറിപ്പ്, |
| • ശബ്ദം | • ലഘുപരീക്ഷണങ്ങൾ, മാതൃകാ നിർമ്മാണം, ഐ.സി.ടി. സിമുലേഷൻ (യൂണിറ്റ് 2.1) | • പരീക്ഷണക്കുറിപ്പ്, മാതൃകകൾ |
| • ചലനം | • ലഘുപരീക്ഷണങ്ങൾ, പ്രായോഗിക നിർവചനങ്ങൾ രൂപീകരിക്കൽ ചലന നിയമങ്ങൾ പ്രതിഫലിക്കുന്ന സന്ദർഭങ്ങൾ നിരീക്ഷിക്കൽ, ഐ.സി.ടി റഫറൻസിംഗ്, സിമുലേഷൻ (യൂണിറ്റ് 2.1) | • വർഗീകരണം വിവിധതരം ചലനങ്ങൾ, പരീക്ഷണക്കുറിപ്പുകൾ, 'എന്റെ ശാസ്ത്രപുസ്തക'ത്തിലെ കുറിപ്പുകൾ |
| • ബലം | • ലഘുപരീക്ഷണങ്ങൾ, സിമുലേഷൻ (യൂണിറ്റ് 2.1) | • പരീക്ഷണക്കുറിപ്പ്, സിമുലേഷൻ കുറിപ്പുകൾ. |
| **1.3 ശാസ്ത്രത്തിലെ നൂതന പ്രവണതകൾ**<br>• ബയോടെക്നോളജി<br>• ബഹിരാകാശ ശാസ്ത്രം<br>• ജൈവരസന്ത്രം<br>• വിവരവിനിമയ സാങ്കേതിക വിദ്യ. | • സംഘപ്രവർത്തനം. ഓരോ സംഘവും ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള ഏറ്റവും നൂതനമായ കണ്ടുപിടിത്തങ്ങളെ സംബന്ധിച്ച് ഐ.സി.ടി ഉൾപ്പെടെ റഫറൻസിംഗ് നടത്തി കുറിപ്പ് തയ്യാറാക്കി ക്ലാസിൽ പൊതുവായി അവതരിപ്പിക്കുന്നു. ഓരോരുത്തരും അസൈൻമെന്റ് തയ്യാറാക്കുന്നു. | • അസൈൻമെന്റ് |
| | • 'ശാസ്ത്രം നാളെ' പതിപ്പ് തയ്യാറാക്കൽ | • പതിപ്പ് 'ശാസ്ത്രം നാളെ' |
| | • സെമിനാർ - 'ശാസ്ത്രത്തിന്റെ കുതിച്ചു ചാട്ടം - പ്രകൃതി, മനുഷ്യരാശി, ജീവജാലങ്ങൾ എന്നിവയെ എങ്ങനെ സ്വാധീനിക്കുന്നു? | • സെമിനാർ റിപ്പോർട്ട്<br>സെമിനാർ, ഐ.സി.ടി. പ്രസന്റേഷൻ, സിമുലേഷൻ, പ്രോജക്ട് അവതരണം എന്നിവ പ്രകടനവിലയിരുത്തലിന് പരിഗണിക്കേണ്ടതാണ്<br>യൂണിറ്റ് ടെസ്റ്റ് |

## യൂണിറ്റ് – 2 : ശാസ്ത്രപഠനം ഫലപ്രദമാക്കാൻ

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| **2.1 ക്ലാസ് നിർവഹണം**<br>**വിലയിരുത്തൽ സൂചകങ്ങൾ**<br>• ഉള്ളടക്കത്തെ സംബന്ധിച്ച് ആഴത്തിലുള്ള ധാരണ<br>• ശാസ്ത്രീയ രീതി ഉറപ്പാക്കുന്നു.<br>• ചോദ്യം ഉന്നയിക്കാൻ അവസരം നൽകുന്നു.<br>• പ്രശ്നാവതരണത്തിന് വൈവിധ്യമാർന്ന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.<br>• സങ്കീർണമായ ശാസ്ത്രാശയങ്ങൾ ലളിതമായി, ഉപാശയങ്ങളായി അവതരിപ്പിക്കുന്നു.<br>• കുട്ടികളുടെ പ്രകൃതവും താൽപര്യവും പഠനപിന്നോക്കാവസ്ഥയും പരിഗണിച്ചുകൊണ്ട് ഗവേഷണാത്മക പഠനതന്ത്രങ്ങൾ വികസിപ്പിക്കുന്നു. പ്രയോജനപ്പെടുത്തുന്നു.<br>• കുട്ടികളുടെ മുന്നറിവ് പരിശോധിക്കാൻ വൈവിധ്യപൂർണമായ തന്ത്രങ്ങൾ വികസിപ്പിക്കുന്നു പ്രയോജനപ്പെടുത്തുന്നു.<br>• പഠിതാക്കളുടെ ചിന്താശേഷി പരിപോഷിപ്പിച്ച് പുതിയ അറിവ് കണ്ടെത്തുന്നതിലേക്ക്/ആർജിക്കുന്നതിലേക്ക് നയിക്കുന്നു.<br>• വിവരവിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.<br>• ബഹുമുഖ ബുദ്ധി സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ പഠനപ്രവർത്തനങ്ങൾ തയ്യാറാക്കുന്നു<br>• പ്രയോഗിക പ്രവർത്തനങ്ങളും പരീക്ഷണങ്ങളും ഉചിതമായി ഉപയോഗിക്കുന്നു. | 2.1 ടീച്ചർ എഡ്യൂക്കേറ്ററുടെ നേതൃത്വത്തിൽ പൊതുചർച്ചയിലൂടെ മികച്ച ശാസ്ത്രക്ലാസിന്റെ വിലയിരുത്തൽ സൂചകങ്ങൾ - ചെക്ക്ലിസ്റ്റ് വികസിപ്പിക്കുന്നു.<br>• ചലനം, ശബ്ദം, അന്തരീക്ഷ മർദം, ആസിഡുകൾ എന്നീ ആശയങ്ങൾ ക്ലാസിൽ വിനിമയം ചെയ്യുന്നതിനുവേണ്ടി 5E's അധിഷ്ഠിതമായ ടീച്ചിംഗ് മാന്വൽ തയ്യാറാക്കുന്നു. ടി.എൽ.എം. തയ്യാറാക്കുന്നു.<br>• സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ടി.എം.വിലയിരുത്തിമെച്ചപ്പെടുത്തുന്നു.<br>• ടി.എം. അടിസ്ഥാനമാക്കി അധ്യാപക വിദ്യാർത്ഥികളുടെ സിമുലേഷൻ, ഫീഡ്ബാക്ക് - ടീച്ചർ എഡ്യൂക്കേറ്റർ, Co- Trainees<br>• ടി.എം. മെച്ചപ്പെടുത്തൽ, ക്ലാസ് നിർവഹണം (Actual class) | • ശാസ്ത്രക്ലാസിന്റെ വിലയിരുത്തൽ സൂചകങ്ങൾ (ചെക്ക് ലിസ്റ്റ്)<br>• ടീച്ചിംഗ് മാന്വൽ കരട്, മെച്ചപ്പെടുത്തിയത്.<br>• ടി.എം. ന്റെ വിലയിരുത്തൽ സൂചകങ്ങൾ<br>• ക്ലാസ് സിമുലേഷൻ<br>• ക്ലാസ് വിശകലനം, ഫീഡ് ബാക്ക്<br>• ക്ലാസ് വിശകലന കുറിപ്പ്. |

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| • ഗണിതശേഷികളുടെയും സംഖ്യാബോധത്തിന്റെയും വികാസം ഉറപ്പുവരുത്തുന്നു.<br>• ആശയ വിനിമയശേഷി വികസിപ്പിക്കൽ.<br>• സംവാദാത്മകത ഉള്ള വിഷയങ്ങൾ ആഴത്തിൽ പഠിച്ച് തന്റേതായ നിലപാട് സ്വീകരിക്കൽ.<br>• നൂതനശാസ്ത്രാശയങ്ങൾ നിരന്തരം അന്വേഷിക്കുന്നു.<br>• നിരന്തര വിലയിരുത്തലിന് വൈവിധ്യമാർന്ന രീതികളും ടൂളുകളും പ്രയോജനപ്പെടുത്തൽ. | | |
| **2.2 ബോധന മികവിലേക്ക്-ഗുണനിലവാര സൂചകങ്ങൾ**<br>• ചോദ്യം ഉന്നയിക്കൽ<br>• പ്രശ്നാവതരണം<br>• ടി.എൽ.എം. ഉപയോഗം<br>• സങ്കീർണമായ ശാസ്ത്രാശയങ്ങളെ ലളിതമാക്കി അവതരിപ്പിക്കൽ<br>• SEN കുട്ടികൾക്കു പ്രത്യേക പരിഗണന<br>• ക്രോഡീകരണം | 2.2 ശാസ്ത്രക്ലാസിന്റെ ഗുണനിലവാര സൂചകങ്ങൾ വികസിപ്പിക്കുന്നു.<br>• ശാസ്ത്ര ക്ലാസ് കൂടുതൽ മികവുറ്റതാക്കാൻ പ്രത്യേകമായി വികസിപ്പിക്കേണ്ട സൂക്ഷ്മ ബോധന നൈപുണികളെ സംബന്ധിച്ച് ചർച്ച<br>• ഉത്തോലകമെന്ന ആശയം വിനിമയം ചെയ്യുന്നതിനുള്ള ടീച്ചിംഗ് മാന്വൽ വികസിപ്പിക്കുന്നു. സിമുലേഷൻ. ഫീഡ്ബാക്ക് നൽകൽ (നിരീക്ഷക സംഘം) മെച്ചപ്പെടുത്തൽ. | • ഗുണനിലവാര സൂചകങ്ങൾ<br>• ടീച്ചിംഗ് മാന്വൽ<br>• ഫീഡ് ബാക്ക് കുറിപ്പുകൾ<br>• സിമുലേഷൻ, അവലോകന കുറിപ്പുകൾ<br><br>**യൂണിറ്റ് ടെസ്റ്റ്** |

## യൂണിറ്റ് – 3 : ശാസ്ത്രക്ലാസ് – പ്രായോഗിക പരിചയത്തിലേക്ക്

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| **3.1 മൂല്യനിർണ്ണയം**<br>• നിരന്തര വിലയിരുത്തൽ<br>• ടേം വിലയിരുത്തൽ<br>• പഠനത്തിനായുള്ള വിലയിരുത്തൽ<br>• വിലയിരുത്തൽതന്നെ പഠനം<br>• പഠനത്തിന്റെ വിലയിരുത്തൽ<br>• പഠനത്തെളിവുകൾ - വിലയിരുത്തൽ മേഖലകൾ<br>• വിലയിരുത്തൽ രീതികൾ<br>• റിപ്പോർട്ടിംഗ് | • എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പുതിയ മൂല്യനിർണയ സമീപനരേഖ - ടീച്ചർ എഡ്യൂക്കേറ്റർ ഐ.സി.ടി പ്രസന്റേഷൻ നടത്തുന്നു.<br>• സമീപനരേഖ വിശകലനം, അസൈൻമെന്റ് തയ്യാറാക്കൽ (മേഖലകൾ, സൂചകങ്ങൾ, സ്കോറിംഗ്, ഗ്രേഡിംഗ് ഉൾപ്പെടെ)<br>• സെമസ്റ്റർ 3 ൽ തയ്യാറാക്കിയ പെഡഗോഗിക് അനാലിസിസ് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി മെച്ചപ്പെടുത്തുന്നു.<br>• സെമസ്റ്റർ 3 ൽ തയ്യാറാക്കിയ ടി.എം. 5 E's, പഠന സാമഗ്രികകൾ, നിരന്തരവിലയിരുത്തൽ, പഠനോൽപ്പന്നങ്ങൾ, CWSN അനുരൂപീകരണം എന്നീ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി മെച്ചപ്പെടുത്തുന്നു. | • മൂല്യനിർണയ സമീപനം അസൈൻമെന്റ്<br>• മെച്ചപ്പെടുത്തിയ പെഡഗോഗിക് അനാലിസിസ്<br>• മെച്ചപ്പെടുത്തിയ ടി.എം. |
| **3.2 ക്ലാസ് നിർവഹണവും വിലയിരുത്തലും**<br>സൂചകങ്ങൾ 5E's പാലിക്കൽ<br>• ക്ലാസ് മാനേജ്മെന്റ്<br>• ക്ലാസ് അന്തരീക്ഷം<br>• ടി.എൽ.എം. ക്രമീകരണവും പ്രയോജനപ്പെടുത്തലും<br>• CWSN അനുരൂപീകരണം<br>• നിരന്തര വിലയിരുത്തൽ | • ടീച്ചർ എഡ്യൂക്കേറ്റർ, പ്രാക്ടീസിംഗ് ടീച്ചർ എന്നിവരുടെ ക്ലാസുകളുടെ വിശകലനം | • ക്ലാസ് വിശകലന റിപ്പോർട്ട് |

| ഉള്ളടക്കം | പ്രക്രിയ | മൂല്യനിർണ്ണയം |
|---|---|---|
| **3.3 ക്ലാസ് വിലയിരുത്തൽ.**<br>• വിശകലനക്ലാസ് (അധ്യാപക വിദ്യാർത്ഥികൾ) | • വ്യക്തിഗതമായി ടി.എം .തയ്യാറാക്കി അധ്യാപക വിദ്യാർത്ഥികൾ ക്ലാസ് വിനിമയം ചെയ്യുന്നു.<br>• വിശകലനത്തിന് വിധേയമാക്കുന്നു. മെച്ചപ്പെടുത്തുന്നു.<br>• ടീച്ചർ എഡ്യൂക്കേറ്ററുടെ നേതൃത്വത്തിൽ ചർച്ച<br>• ഫലപ്രദമായ ക്ലാസ് വിനിമയത്തിന് സൂക്ഷ്മതലത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ<br>• ക്ലാസ് മികവുറ്റതാക്കുവാൻ ടീച്ചറുടെ സ്വയം വിലയിരുത്തൽ.<br>• അനുരൂപീകരണ പ്രവർത്തനങ്ങൾ | • ടി.എം. തയ്യാറാക്കിയതും മെച്ചപ്പെടുത്തിയതും<br>• വിശകലന റിപ്പോർട്ട്<br>• ചർച്ചാക്കുറിപ്പ് |
| **3.4 ഇന്റേൺഷിപ്പ്**<br>• മെന്ററുമായി അറ്റാച്ച് ചെയ്യൽ<br>• വിദ്യാലയ സന്ദർശനം<br>• ടൈംടേബിൾ പരിചയപ്പെടൽ<br>• ഉള്ളടക്ക മേഖലകൾ/ യൂണിറ്റ് നിശ്ചയിക്കൽ<br>– പെഡഗോഗിക് അനാലിസിസ് തയ്യാറാക്കൽ<br>– വിലയിരുത്തൽ<br>– TLM കണ്ടെത്തൽ, തയ്യാറാക്കൽ<br>– ദൈനംദിനാസൂത്രണം രേഖ തയ്യാറാക്കൽ<br>– TM മെച്ചപ്പെടുത്തൽ<br>• ക്ലാസ് നിർവഹണം<br>• മോണിറ്ററിംഗ്<br>• ക്ലബ് പ്രവർത്തനങ്ങൾ<br>• ഇടക്കാല വിലയിരുത്തൽ<br>• റിപ്പോർട്ട് തയ്യാറാക്കൽ | • ഇന്റേൺഷിപ്പ്<br>• മൂല്യനിർണ്ണയ ടൂൾ തയ്യാറാക്കലും, മൂല്യനിർണ്ണയവും | • പ്രകട വിലയിരുത്തൽ - അധ്യാപന മികവ്<br>• ഉൽപ്പന്നങ്ങൾ - പെഡഗോഗിക് അനാലിസിസ് ടി.എം, ടി. എൽ. എം, മൂല്യനിർണ്ണയ ടൂളും അനുബന്ധ രേഖകളും.<br>**യൂണിറ്റ് ടെസ്റ്റ്** |